## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2101 — 01.02.2018 ൽ മറുപടിക്ക്

# ക്ഷയരോഗ നിർമ്മാർജ്ജന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.രാജു എബ്രഹാം<br>,, യു. ആർ. പ്രദീപ്<br>,, കെ.ജെ. മാക്സി<br>,, വി. ജോയി | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ക്ഷയരോഗ നിർമ്മാർജ്ജനത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ; | (എ) | കേരളത്തിന്റെ സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ ഭാഗമായി ക്ഷയരോഗ വിമുക്ത കേരളത്തിനായി ക്ഷയരോഗ നിർമ്മാർജ്ജന മിഷൻ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. 2018 ജനുവരി മുതൽ മാർച്ച് വരെ കേരളത്തിലെ മുഴുവൻ കുടുംബങ്ങളിലും സന്നദ്ധ പ്രവർത്തകർ എത്തി ഓരോ കുടുംബാംഗത്തേയും നേരിൽ കണ്ട് ക്ഷയരോഗത്തെപ്പറ്റി അവബോധം നൽകുകയും ക്ഷയരോഗത്തിന് അനുകൂല സാഹചര്യങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തുകയും ക്ഷയരോഗബാധയുള്ള വിദൂര സാധ്യതയുള്ളവർക്കുപോലും സംശയ നിവാരണത്തിനായുള്ള സൗജന്യപരിശോധനകൾ ലഭ്യമാക്കുകയും ചെയ്യുന്നു. രോഗം സ്ഥിരീകരിക്കുന്നവർക്ക് സൗജന്യ ചികിത്സ ഉറപ്പ് വരുത്തുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും, ദേശീയ ആരോഗ്യ ദൗത്യത്തിന്റെയും ആരോഗ്യ വകുപ്പിന്റെയും പങ്കാളിത്തത്തോടുകൂടിയാണ് പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി ക്ഷയരോഗ നിർമ്മാർജ്ജന ദൗത്യം നടപ്പിലാക്കി വരുന്നത്. മുഴുവൻ ഭവനങ്ങളിലും സന്നദ്ധ പ്രവർത്തകർ സന്ദർശനം നടത്തി ക്ഷയരോഗ |

| | | | |
|---|---|---|---|
| | | | നിർമ്മാർജ്ജന അവബോധം സൃഷ്ടിക്കുന്നതിനും ക്ഷയരോഗത്തിന് അനുകൂലമായ സാഹചര്യങ്ങൾ ഉണ്ടെങ്കിൽ സംശയ നിവാരണത്തിനായി സൗജന്യ പരിശോധന ലഭ്യമാക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ക്ഷയരോഗബാധ സ്ഥിരീകരിക്കുന്നവർക്ക് സൗജന്യ ചികിത്സയും അനുബന്ധ പരിശോധനയും സൗജന്യമായി ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ സംസ്ഥാനത്ത് ക്ഷയരോഗ നിർമ്മാർജ്ജന കർമ്മപദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന തലത്തിലും ജില്ലാ തലത്തിലും ക്ഷയരോഗ നിർമ്മാർജ്ജന ബോർഡുകളും ടാസ്ക് ഫോഴ്സുകളും രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | ഇതിന്റെ ഭാഗമായുള്ള വിവരശേഖരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | ഇതിന്റെ ഭാഗമായുള്ള വിവരശേഖരണത്തിന്റെ സംസ്ഥാനതല ഉദ്ഘാടനം 03.01.2018 ന് ആരോഗ്യ-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ ഔദ്യോഗിക വസതിയിൽ വച്ച് നടന്നു. ഇപ്പോൾ 10 ശതമാനത്തോളം വിവരശേഖരണം പൂർത്തിയായിട്ടുണ്ട്. |
| (സി) | ഇതിനായി സന്നദ്ധ ആരോഗ്യ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പ്രസ്തുത പദ്ധതിക്കായി ദേശീയ ആരോഗ്യ മിഷൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ഡി) | പ്രസ്തുത പദ്ധതിയ്ക്കായുള്ള എല്ലാ ചെലവുകളും വഹിക്കുന്നത് ദേശീയ ആരോഗ്യ മിഷൻ ആണ്. |

സെക്ഷൻ ഓഫീസർ